بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 08.07.16 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*08.07.16 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഇന്ത്യയിൽ ജമാഅത്തിനെ കുറിച്ചുള്ള പരിചയപ്പെടുത്തലുകളും വിവിധ മാർഗങ്ങളിലൂടെ നടന്നു വരുന്നു. പക്ഷേ, പ്രവർത്തിക്കുന്നവരും വാഖ്ഫെ സിന്ദഗിമാരും മുറബ്ബിമാരും വ്യക്തിപരമായ നിലയിലും തങ്ങളുടെ പരിശ്രമങ്ങൾ വേഗത്തിലാക്കേണ്ട ആവശ്യമുണ്ട്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ചുകൊണ്ട് ഉപദേശവും പാഠവും ഉൾക്കൊള്ളുന്നതായ ചില കാര്യങ്ങൾ ഞാൻ ഇപ്പോൾ പറയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ചില കാര്യങ്ങൾ പറയുകയുണ്ടായി.ആദ്യത്തെ കാര്യം തബ്‌ലീഗിനെ ഉദ്ധരിച്ചുകൊണ്ടുള്ളതാണ്. ഇതിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിഭജനത്തിനുശേഷം ഖാദിയാനിലെ ജമാഅത്തിന് ജൽസ സാലാനയുടെ അവസരത്തിൽ ഈ സന്ദേശം അയക്കുകയുണ്ടായി. തബ്‌ലീഗ് ചെയ്യുക എന്നതാണ് നിങ്ങളുടെ ജോലി എന്ന് അതിൽ പറഞ്ഞിരുന്നു. ഈ വശത്ത് കഠിനപ്രയത്നം ചെയ്യേണ്ട ആവശ്യമുണ്ട്. ‘ഞാൻ നിന്റെ തബ്‌ലീഗിനെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കു’മെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)നോടു ഇൽഹാമൻ പറഞ്ഞിട്ടുണ്ട് എന്നതിൽ സംശയമില്ല. പക്ഷേ, അതിനോടൊപ്പംതന്നെ തന്റെ ഗ്രന്ഥങ്ങളിൽനിന്ന് അറിവ് കരസ്ഥമാക്കുകയും നബി (സ)തിരുമേനിയുടെ സ്വാഹാബ തബ്‌ലീഗ് ചെയ്തിരുന്നതുപോലെ തബ്‌ലീഗ് ചെയ്യുക എന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ജമാഅത്തംഗങ്ങളോടു പറഞ്ഞു.

തബ്‌ലീഗിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞ ഭാഗം ഞാൻ സമർപിക്കുകയാണ്. ഖാദിയാനിൽ അഹ്മദികളുടെ കുറഞ്ഞ അംഗസംഖ്യയും പരിമിതമായ പ്രവർത്തനമാധ്യമങ്ങളും ആയിരുന്നിട്ടും ഈ സുപ്രധാനമായ നിർബന്ധ കടമയെ കുറിച്ച് അവിടന്ന് പറഞ്ഞു. ദർവേശുമാർക്ക് ആവേശവും പകർന്നു. അവർക്ക് ആവേശം പകരുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആരംഭകാലവും ഉദ്ധരിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:“നിങ്ങളുടെ എണ്ണം ഖാദിയാനിൽ 313 ആണെന്നതിൽ സംശയമില്ല. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ഖാദിയാനിൽ അല്ലാഹു പറഞ്ഞ ജോലി ആരംഭിച്ചപ്പോൾ ഖാദിയാനിൽ അഹ്മദികളുടെ അംഗസംഖ്യ വെറും രണ്ടുമൂന്നായിരുന്നു എന്ന കാര്യം നിങ്ങൾ മറന്നിട്ടുണ്ടാകുകയില്ല. 300 ആളുകൾ തീർച്ചയായും മൂന്നിനെക്കാൾ അധികം തന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വാദം പുറപ്പെടുവിച്ച കാലത്ത് ഖാദിയാനിലെ ജനസംഖ്യ 1100 ആയിരുന്നു. 1100ഉം മൂന്നിനെ അപേക്ഷിച്ച് 366ൽ ഒന്നാണ്. (1/366). അതായത് ഒന്നിന്നെതിരിൽ 366 അംഗങ്ങൾ. നിങ്ങൾ സന്ദേശം നല്കിക്കൊണ്ടിരിക്കുന്ന ഈ നേരത്ത്, ഇക്കാലത്ത് ഖാദിയാനിലെ ജനസംഖ്യ 12000 എന്നു മനസ്സിലാക്കുകയാണെങ്കിൽ ഇപ്പോഴുള്ള അഹ്മദിയ്യാ ജനസംഖ്യയെ അപേക്ഷിച്ച് ബാക്കിയുള്ള ഖാദിയാനിലെ ജനങ്ങളിൽനിന്ന് 36ൽ ഒന്നായിരിക്കും.(1/36)അതായത് 36 ന്നെതിരിൽ ഒരു അഹ്മദി. ആദ്യം 366 ന്നെതിരിൽ ഒരു അഹ്മദിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലി ആരംഭിച്ച നേരത്ത് ഖാദിയാനു വെളിയിൽ ഒരു അഹ്മദിയ്യാ ജമാഅത്തും ഉണ്ടായിരുന്നില്ല. പക്ഷേ, ഇപ്പോൾ ഇന്ത്യയിലും നിരവധി സ്ഥലങ്ങളിൽ അഹ്മദിയ്യാ ജമാഅത്തുകൾ സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. ഈ ജമാഅത്തുകളെ ഉണർത്തുക, സംഘടിപ്പിക്കുക, ഒരു പുതിയ ദൃഢനിശ്ചയത്തോടുകൂടി എഴുന്നേൽപിച്ചു നിറുത്തുക, ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശത്തെ ഇന്ത്യയുടെ നാലുഭാഗത്തും പ്രചരിപ്പിക്കുക എന്നുദ്ദേശ്യത്തോടെ അവരുടെ ശക്തിയെ സംഘടിപ്പിക്കുക തുടങ്ങിയവയെല്ലാം നിങ്ങളുടെ തന്നെ ജോലിയാണ്. ഈ ബന്ധം തന്നയായിരിക്കാം ഇപ്പോഴത്തെ ജനസംഖ്യയുടേയും. ഖാദിയാനിലെ അഹ്മദി ആയിരക്കണക്കിനാണെങ്കിൽ അവിടേയും അംഗസംഖ്യ വർധിച്ചിട്ടുണ്ടാകും. പ്രവർത്തന മാധ്യമങ്ങളും മുമ്പത്തെക്കാൾ നല്ലതാണ്. മാർഗങ്ങളും അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ വളരെ അധികമാണ്. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഇന്ത്യയിൽ ജമാഅത്തിനെ കുറിച്ചുള്ള പരിചയപ്പെടുത്തലുകളും വിവിധ മാർഗങ്ങളിലൂടെ നടന്നു വരുന്നു. പക്ഷേ, പ്രവർത്തിക്കുന്നവരും വാഖ്ഫെ സിന്ദഗിമാരും മുറബ്ബിമാരും വ്യക്തിപരമായ നിലയിലും തങ്ങളുടെ പരിശ്രമങ്ങൾ വേഗത്തിലാക്കേണ്ട ആവശ്യമുണ്ട്. അടിയും കൊള്ളുന്നു. എതിർപ്പും ഉണ്ടാകുന്നു. പക്ഷേ, ഇങ്ങനെയൊക്കെയാണെങ്കിലും നമ്മൾ യുക്തിയോടുകൂടി നമ്മുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകേണ്ടതാ

ണ്. ഇൻശാ അല്ലാഹ്. അല്ലാഹു തബ്ലീഗ് പ്രവൃത്തി ചെയ്യുന്നതിനും അതിനെ വിശാലമാക്കുന്നതിനും നമ്മളോടു നിർദേശിച്ചിരിക്കുന്നുവെന്ന കാര്യം ലോകത്തിലെ ബാക്കിയുള്ള രാജ്യങ്ങളും തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. ഇതു വിശുദ്ധ ഖുർആനിന്റേയും കല്പനയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഇതുതന്നെ പറഞ്ഞിരിക്കുന്നു. നബി(സ)തിരുമേനിക്ക് അല്ലാഹു ഇതേ കല്പന നല്കിയിരുന്നു. പക്ഷേ, ഈ പ്രവർത്തനം കൂടുതൽ വിശാലമാക്കുന്നതിന് നമുക്ക് ഇതിനുവേണ്ടി എല്ലായിടത്തും, എല്ലാ രാജ്യത്തും കൂടുതൽ ശക്തമായ പ്ലാനിംഗ് ആസുത്രണം ചെയ്യേണ്ട ആവശ്യമുണ്ട്. തബ്ലീഗ് ചെയ്യുന്നതിനോടൊപ്പം ബയ്അത്ത് ചെയ്തു ജമാഅത്തിൽ ചേരുന്നവരെ സംരക്ഷിക്കേണ്ട ഭാരിച്ച ജോലിയുമുണ്ട്.

പിന്നീടു ഒരു സംഭവം, ഖാജ കമാലുദ്ദീൻ സാഹിബ് തന്റെ അറിവ് എങ്ങനെയാണ് വികസിപ്പിച്ചതെന്നും അദ്ദേഹത്തിന്റെ നല്ല പ്രസംഗങ്ങളുടേയും പ്രഭാഷണങ്ങളുടേയും രഹസ്യമെന്തായിരുന്നുവെന്നും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിവരിക്കുന്നുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:"ഹദ്റത്ത് മസീഹ് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്ത് അദ്ദേഹം ഒരു പ്രസംഗം തയ്യാറാക്കുകയും അതിനുശേഷം ഖാദിയാനിൽ വന്ന് കുറച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോടു ചോദിക്കുകയും കുറച്ച് മറ്റുള്ളവരോടു ചോദിക്കുകയും അങ്ങനെ ഒരു പ്രസംഗം പൂർത്തിയാക്കുകയും ചെയ്യുമായിരുന്നു. പിന്നീട് അതുമായി അദ്ദേഹം ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ പര്യടനം നടത്തും, വിജയിക്കുകയും ചെയ്യും. ഖാജ കമാലുദ്ദീൻ സാഹിബിന്റെ വിജയത്തിനുള്ള വലിയൊരു കാരണം ഇതായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: ഇങ്ങനെതന്നെയാണ് ആവേണ്ടിയിരുന്നതും. പ്രസംഗകർക്ക് വിഷയം നല്ലവണ്ണം തയ്യാറാക്കി നല്കുകയും അവർ വെളിയിൽപോയി അത് പ്രസംഗിക്കുകയും ചെയ്യുന്നതിന്റെ ഫലമായി ജമാഅത്തിന്റെ ഉദ്ദേശ്യമനുസരിച്ചുള്ള പ്രസംഗമായിരിക്കും പ്രസംഗിക്കുക. അദ്ദേഹം അവിടെ എന്താണ് പ്രസംഗിക്കേണ്ടതെന്ന് നമുക്കിവിടെ ഇരുന്ന് അറിയാൻ കഴിയും. യഥാർഥ പ്രസംഗം അതായിരിക്കും. ഇതിനുപുറെ തദ്ദേശപരമായി ആവശ്യമുണ്ടെങ്കിൽ പ്രസംഗങ്ങൾക്ക് ഉപോൽബലകമായി അവർക്ക് മറ്റെന്തെങ്കിലും വിഷയങ്ങളിൽ സംസാരിക്കാവുന്നതാണ്.

അതുകൊണ്ട് ഈ നിയമപരമായ മാർഗനിർദേശം മുബല്ലിഗുമാർക്കുമുള്ളതാണ്. ദാഇയീനെ ഇലല്ലാക്കുമുള്ളതാണ്. വൈജ്ഞാനിക പരിപാടികളിൽ പങ്കെടുക്കാൻ പോകുന്നവർക്കുമുള്ളതാണ്. ഇങ്ങനെ പ്രസംഗം തയ്യാറാക്കുകയാണെങ്കിൽ വലിയ വലിയ പ്രൊഫസർമാരും നാമധാരികളായ മതപണ്ഡിതന്മാരും മതത്തെ ആക്ഷേപിക്കുന്നവരും ആകർഷിക്കപ്പെടുന്നതാണ്. ഇതിനുപുറമെ, മുറബ്ബിമാരേയും മുബല്ലിഗുമാരേയും ജമാഅത്തുകൾ ഏതു രീതിയിലാണോ കാണേണ്ടത് ആ രീതിയിൽ ചിലയിടങ്ങളിൽ കാണുന്നില്ല എന്ന കാര്യവും ഓർമ വെക്കേണ്ടതാണ്. അതായത് ജമാഅത്തംഗങ്ങൾ തങ്ങളുടെ മുറബ്ബിമാരേയും മുബല്ലിഗുമാരേയും പരിഗണിക്കേണ്ടതുപോലെ പരിഗണിക്കുന്നില്ല. ഇതു സംബന്ധമായി ചിലയിടങ്ങളിൽനിന്ന് പരാതികൾ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, ഇതിനോടൊപ്പം മുറബ്ബിമാർക്കും മുബല്ലിഗുമാർക്കും ജമാഅത്തുകളിൽ തങ്ങളുടെ അന്തസ്സ് നിലനിറുത്തുന്നതിന് വൈജ്ഞാനികവും ആത്മീയവുമായ അടിസ്ഥാനത്തിൽ ഉന്നതസ്ഥാനം കരസ്ഥമാക്കൻ ശ്രമിക്കണമെന്ന ഉത്തരവാദിത്വവുമുണ്ടെന്ന കാര്യവും ഞാൻ പറയുകയാണ്. ഇക്കാര്യം അവരിൽ ഉത്തരവാദിത്വവും ഇട്ടുകൊണ്ടിരിക്കുന്നു. ഒരിക്കലും ഒരു ജമാഅത്തംഗത്തിനും അവരെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള തെറ്റായ കാര്യം പറയാൻ തന്റേടമുണ്ടാകരുത്. ചിലയിടങ്ങളിൽ ചില സംഘാടകർ മുറബ്ബിമാരെക്കുറിച്ച് തെറ്റായകാര്യങ്ങൾ പറയാറുണ്ട്. മുറബ്ബിമാർ പരിഷ്കരണത്തിനുവേണ്ടി ശ്രമിക്കുമ്പോൾ അവർക്കെതിരെ സംസാരിക്കാൻ തുടങ്ങുന്നു.

ദുആ സ്വീകാര്യതയുടെ രഹസ്യമെന്താണ്? ഇതിന്റെ യുക്തി വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇത്തരം അടയാളം കാണിക്കാനാണ് വന്നത്. അത്തരം ആളുകളെ സൃഷ്ടിച്ചെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരു ലക്ഷ്യം. അവരുടെ ദുആകൾ മുഖേന അല്ലാഹുലോകത്ത് വലിയ വലിയ വിപ്ലവം ഉണ്ടാക്കണം. എന്നാൽ, ഇതിന്റെ അർഥം അല്ലാഹു എല്ലാ ദുആകളും നിർബന്ധമായും സ്വീകരിക്കുന്നുവെന്നുമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകൻ സ്വാഹിബ്സാദ മിർസാ മുബാർക്ക് അഹ്മദ് സാഹിബ് വഫാത്തായി. മൗലവി അബ്ദുൽകരീം സാഹിബും വഫാത്തായി. അവിടന്ന് അവർക്കുവേണ്ടി ദുആയും ചെയ്തിരുന്നു. എന്നിട്ടും വഫാത്തായി. ഇതും അദ്ദേഹത്തിന്റെ ഒരു അടയാളമാണ്. കാരണം ഹദ്റത്ത് മുബാറക്ക് അഹ്മദിനെ സംബന്ധിച്ച് അദ്ദേഹം കാലേകൂട്ടിത്തന്നെ പറഞ്ഞിരുന്നതാണ്. ഏതെങ്കിലും കാര്യം കാലേകൂട്ടി പറയപ്പെടുമ്പോൾ അത് ദൃഷ്ടാന്തമായി ഭവിക്കുന്നു. എല്ലാ ദുആകളും സ്വീകരിക്കപ്പെടാറില്ല. എല്ലാ ദുആകളും നിഷേധിക്കപ്പെടുകയുമില്ല. എന്നാൽ, ഏതൊരു ദുആ സ്വീകരിക്കണമെന്നാണോ അല്ലാഹു തീരുമാനിക്കുന്നത് അത് തീർച്ചയായും സ്വീകരിക്കപ്പെടും. അതിനെ ആർക്കും തടയാൻ സാധിക്കുകയില്ല."

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറഞ്ഞ കൂടുതൽ ചില ചെറിയ ചെറിയ സംഭവങ്ങളുണ്ട്. ഉദാഹരണങ്ങളുണ്ട്. അതിലൊന്ന് കൂനുള്ള ഒരു സ്ത്രീയുടെ ഉദാഹരണമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു കൂനിയുടെ

ഉദാഹരണം പറയാറുണ്ടായിരുന്നു. അവരുടെ പുറത്ത് കൂനുണ്ടായിരുന്നു. നിന്റെ പുറം നേരെയാകണമെന്ന് നിനക്കു ആഗ്രഹമുണ്ടോ എന്ന് ആരോ അവരോടു ചോദിച്ചു. അതല്ല മറ്റുള്ളവരും കൂനുള്ളവരാകണമെന്നാണോ നീ ആഗ്രഹിക്കുന്നത്? ചിലയാളുകൾ പിടിവാശിക്കാരായിട്ടുണ്ടാകും. അസൂയയുമുണ്ടാകും. അവർ പറഞ്ഞു, കാലങ്ങളായിട്ടു ഞാൻ കൂനി തന്നെയാണ്. ആളുകൾ എന്റെ കൂനുകണ്ട് പരിഹസിക്കുകയും തമാശയാക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇനിയിപ്പോൾ ഇത് ശരിയാകുന്ന അവസ്ഥയിലല്ല. എന്റെ കൂന് അങ്ങനെതന്നെയുണ്ടാകും. ഇപ്പോൾ വൃദ്ധയായിരിക്കുന്നു. എല്ലാവരും കൂനുള്ളവരാകുകയാണെങ്കിൽ അതായിരിക്കും കാണാൻ രസം. എന്നാൽ, എനിക്കും അവരെക്കണ്ട് ചിരിച്ച് സന്തോഷിക്കാമല്ലോ? പറയുന്നു: ഇതുപോലുള്ള ചില അസൂയാലുക്കളുണ്ട്. അസൂയവച്ചു പുലർത്തുന്ന സ്വഭാവക്കാരുണ്ട്. അവർക്ക് തങ്ങളുടെ ബുദ്ധിമുട്ട് അകലണമെന്ന വിചാരമുണ്ടാകുകയില്ല. മറിച്ച് അവർ ആഗ്രഹിക്കുന്നത് മറ്റുള്ളവർ ബുദ്ധിമുട്ടുകളിൽ അകപ്പെടണമെന്നാണ്. അത്തരം അസൂയാലുക്കളിൽനിന്ന് രക്ഷപ്പെടുന്നതിനും നമ്മൾ ഓരോരുത്തരും ദുആ ചെയ്യേണ്ടതാണ്. നമ്മൾ അത്തരം കാര്യങ്ങൾ പറയുന്ന അസൂയാലുക്കളിൽ ഒരിക്കലും പെടാതിരിക്കുന്നതിനും ദുആ ചെയ്യേണ്ടതാണ്.

പിന്നീട് ഒരു പഴഞ്ചൊല്ലുണ്ട്. അത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)കേൾപിക്കാറുണ്ടായിരുന്നു. ഒരു അന്ധനുണ്ടായിരുന്നു. അയാൾ രാത്രി നേരത്ത് ആരോടോ സംസാരിക്കുകയായിരുന്നു. ഒരാൾക്ക് അതുകൊണ്ട് ഉറങ്ങാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു:'ഹാഫിള് ജീ! ഉറങ്ങുക.' ഹാഫിള് സാഹിബ് പറഞ്ഞു: നാമെന്തുറങ്ങാനാണ്? മിണ്ടാതിരിക്കുക തന്നെ. പറഞ്ഞതിന്റെ ഉദ്ദേശ്യമിതായിരുന്നു, കണ്ണടയ്ക്കുന്നതിനും മിണ്ടാതിരിക്കുന്നതിനുമുള്ളതിന്റെ പേരാണല്ലോ ഉറക്കം എന്നത്. എന്റെ കണ്ണുകൾ പണ്ടേ അടഞ്ഞതാണ്. ഇനി മിണ്ടാതിരിക്കണം. അത്രതന്നെ. അല്ലാതെന്താണ്? ഞാൻ മിണ്ടുന്നില്ല! അവിടന്ന് പറയുന്നു: "ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ അവസ്ഥകൾ മുഅ്മിന് ബുദ്ധിമുട്ടിന് കാരണമാകാവുന്നതല്ല. കാരണം താൻ മുമ്പേ ഇതിന്റെ ശീലമുള്ള ആളാണെന്നാണ് അവൻ പറയുന്നത്. ശീലക്കാരനാണ്. ലോകം മുഅ്മിനെ കൊല്ലാനാഗ്രഹിക്കുന്നതുപോലെ! അപ്പോൾ അവൻ ചോദിക്കുന്നു, എന്നെ കൊന്നിട്ട് നീ എന്തു നേടാനാണ്? കാരണം ഞാൻ മുമ്പേ അല്ലാഹുവിനുവേണ്ടി മരിച്ചവനാണ്. അല്ലാഹു എന്താണോ ആഗ്രഹിക്കുന്നത് അതു ചെയ്യാൻ ഞാൻ തയ്യാറായിരിക്കും. അവനുവേണ്ടി എന്റെ ജീവനും ഹാജരാണ്. അവിടന്ന് പറയുന്നു: "ലോകം മരണം കണ്ട് പരിഭ്രമിക്കുന്നു. എന്നാൽ, ഒരു മുഅ്മിനെ ലോകം കൊല്ലാനാഗ്രഹിക്കുമ്പോൾ അവൻ അല്പം പോലും പരിഭ്രമിക്കുകയില്ല. മറിച്ച് അവൻ പറയുന്നത്, ഞാൻ ഇസ്ലാം സ്വീകരിച്ച ആ ദിവസംതന്നെ മരിച്ചു കഴിഞ്ഞുവെന്നാണ്. വ്യത്യാസം ഇത്രമാത്രമായിരുന്നു, അതായത് പിന്നീട് ഞാൻ നടക്കുകയും കറങ്ങുകയും ചെയ്യുന്ന ശവമായിരുന്നു. ഇപ്പോൾ നിങ്ങളെന്നെ മണ്ണിനുള്ളിൽ മറയടക്കുന്നതാണ്. എന്നെ സംബന്ധിച്ചിടത്തോളം കൂടുതൽ വ്യത്യാസമൊന്നുമില്ല. യഥാർഥ മുഅ്മിന്റെ ചിന്ത ഇതായിരിക്കും.

പിന്നീട് ഒരു ഉദാഹരണം അവിടന്ന് നല്കുന്നു. പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)കേൾപ്പിക്കാറുണ്ടായിരുന്നു:"ഒരു സ്ത്രീ ഒരു വിവാഹത്തിൽ പങ്കെടുത്തു. പിശുക്കിയായിരുന്നു. പക്ഷേ, അവരുടെ ജ്യേഷ്ടന്റെ ഭാര്യ ഉൽസാഹിയായിരുന്നു. ഉൽസാഹി എന്നതിന്റെ ഉദ്ദേശ്യം സമ്മാനം കൊടുക്കാൻ ഉൽസുകയായിരുന്നു. ആ സ്ത്രീ ആ വിവാഹത്തിന് ഒരു രൂപയുടെ സമ്മാനം കൊടുത്തു. എന്നാൽ, അവരുടെ ജ്യേഷ്ടഭാര്യ 20 രൂപയുടെ സമ്മാനമാണ് കോടുത്തത്. അവർ തിരിച്ചുവന്നപ്പോൾ ആരോ ആ പിശുക്കിയോടു ചോദിച്ചു:"നീ വിവാഹത്തിന് എന്താണ് ചെലവാക്കിയത്?' അപ്പോൾ അവർ പറഞ്ഞു, 'ഞാനും എന്റെ ജ്യേഷ്ടന്റെ ഭാര്യയും കൂടി 21 രൂപ കൊടുത്തു.' അവിടന്ന് പറയുന്നു, ചിലയാളുകളുണ്ട്. ചില ജമാഅത്തുകളിൽ അവർ ഒരുപാട് ചന്ദ കൊടുക്കുന്നു. അവരുടെ പ്രത്യേകമായ ചന്ദകളെ ജമാഅത്തുകളുടെ പേരിൽ പറയുന്നത് ആ സ്ത്രീ 'ഞാനും എന്റെ ജ്യേഷ്ടന്റെ ഭാര്യയും കൂടി 21 രൂപ കൊടുത്തു' എന്നു പറയുന്നതുപോലെയാണ്. എന്നാൽ, ജമാഅത്തിന്റെ മൊത്തത്തിലുള്ള ചന്ദയെ തങ്ങളുടെ പേരിലാക്കി പറയുന്ന സമ്പന്നരായ ചില പിശുക്കന്മാരുമുണ്ട്. ഈ ഉദാഹരണങ്ങളും മുമ്പിൽ വരാറുണ്ട്. തങ്ങളുടെ പേരിൽ പറയുന്നില്ലെങ്കിലും തീർച്ചയായും പ്രകടിപ്പിക്കാറുണ്ട്; ഞങ്ങളുടെ ജമാഅത്ത് ഇത്ര കൊടുത്തെന്ന്. അവരുടെ ജമാഅത്തിൽ അയാളാണ് ഏറ്റവും കൂടുതൽ ചന്ദകൊടുത്തതെന്ന് വരുത്തിത്തീർക്കുന്നതുപോലെ. വാസ്തവത്തിൽ ആ ചന്ദകൊടുത്തവരിൽ അധികവും സാധുക്കളായിരിക്കും. സമ്പന്നൻ അതനുസരിച്ച് കൊടുക്കുന്നുണ്ടാവില്ല.

ഒരിക്കൽ കളിയിൽ ചില തെറ്റായ കാര്യങ്ങളുണ്ടായി. ദീൻ ശ്രദ്ധിക്കപ്പെട്ടില്ല. ജമാഅത്തിന്റെ പാരമ്പര്യവും ശ്രദ്ധിക്കപ്പെട്ടില്ല. അതിൽ മുന്നറിയിപ്പ് നല്കിക്കൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) അവരോടു പറഞ്ഞു:"നോക്കൂ! ചിരിക്കുകയും തമാശ പറയുകയും ചെയ്യുന്നത് അനുവദനീയമാണ്. വിരോധമല്ല. നബി(സ)തിരുമേനിയും തമാശ പറയാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം തമാശ പറയാറുണ്ടായിരുന്നു. നാമും തമാശ പറയാറുണ്ട്. നാം തമാശ പറയാറില്ലെന്ന് പറയുന്നില്ല. നാം ധാരാളം തമാശ പറയാറുണ്ട്. എന്റെ മക്കളോടും ഭാര്യമാരോടും ബന്ധുക്കളോടും തമാശ പറയുന്നു. പക്ഷേ, അതിൽ ആരേയും നിന്ദിക്കാറില്ല. അവരുടെ അഭിമാനത്തിന് കോട്ടംതട്ടുന്ന

തുമാകാറില്ല. അങ്ങനെയുള്ള തമാശ ശരിയല്ല. ഇനി നാവിൽനിന്ന് നിന്ദിക്കുന്ന രീതിയിലുള്ള അത്തരം വാക്യം പുറപ്പെട്ടാൽ ഇസ്തിഗ്ഫാർ ചെയ്യുന്നു. ഇത് എല്ലാവരും ചെയ്യേണ്ടതാണ്. ഞാൻ നിങ്ങളെ ചിരിക്കുന്നതിൽനിന്ന് തടയുന്നില്ല. ഞാൻ പറയുന്നത് ജമാഅത്തിന് ദുഷ്പേരിനു കാരണമാകും വിധം ചിരി അതിരു കടക്കരുതെന്നാണ്. ഇപ്പോൾ ലോകത്ത് ജമാഅത്തുപരമായ നിലയിൽ ഖാദിയാനിലോ റബ്വയിലോ മാത്രമല്ല മറ്റു സ്ഥലങ്ങളിലും കായികമത്സരങ്ങൾ നടക്കാറുണ്ട്. ജമാഅത്തു തലത്തിലായിരിക്കും സംഘടിപ്പിക്കുന്നത്. അവിടെ എന്തെങ്കിലും ഇത്തരം കാര്യമുണ്ടായാൽ ചിലപ്പോൾ ജമാഅത്തിന് ദുഷ്പേരുണ്ടാകുന്നു. അതുകൊണ്ട് എല്ലായിടത്തും ഇത്തരം കാര്യങ്ങൾ സൂക്ഷിക്കേണ്ടതാണ്.

നമ്മുടെ എല്ലാ കർമങ്ങളിലും ഇക്കാര്യത്തിന്റെ പ്രകടനമുണ്ടാകേണ്ടതാണ്. കളിതമാശയാണെങ്കിലും വേണ്ടില്ല, വിനോദങ്ങളാണെങ്കിലും വേണ്ടില്ല, കവിയരങ്ങുകളാണെങ്കിലും വേണ്ടില്ല നമ്മൾ ജമാഅത്തിന്റെ അന്തസ്സിന് ക്ഷതമേല്പിക്കാൻ ഇടനല്കരുത്. അതിന്റെ അന്തസ്സിനെ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അതിന്റെ അഭിമാനത്തെ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഗുണപാഠങ്ങൾ ഉൾക്കൊള്ളുന്ന ചില കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. (വിവ: മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ)

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London– on 08.07.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala